**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 11** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന റൂറൽ ഗ്രാൻഡ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി രമ്യ ഹരിദാസ് — തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. എം. എം. നസീർ

**(എ)** പതിനാറാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന റൂറൽ ഗ്രാൻഡിൽ കുറവ് വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 6344 കോടി രൂപ അനുവദിച്ചപ്പോൾ പതിനാറാം ധനകാര്യ കമ്മീഷൻ 3308 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

**(ബി)** റൂറൽ ഗ്രാൻഡിൽ കുറവ് വരുത്തിയത് സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

**<u>മറുപടി:</u>** പ്രസ്തുത ഗ്രാന്റിലുണ്ടാകുന്ന കുറവ് ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുടെ നിർവ്വഹണം, പൊതുസൗകര്യങ്ങളുടെ പരിപാലനം, പ്രാദേശിക വികസന ആവശ്യങ്ങളുടെ പൂർത്തീകരണം എന്നിവയെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്.

**(സി)** പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ?

**മറുപടി:** പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തെ പരിഷ്ക്കരിച്ച ബഡ്ജറ്റിൽ പ്രാദേശിക സർക്കാരുകൾക്കുള്ള സാധാരണ വിഹിതത്തിൽ നിന്നും 300 കോടി രൂപ മാത്രം മുൻസിപ്പാലിറ്റികൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കും ജനസംഖ്യാടിസ്ഥാനത്തിൽ വിഹിതം വയ്ക്കാനും ബാക്കി തുക മുഴുവനായും ഗ്രാമീണ തദ്ദേശ സ്ഥാപനങ്ങൾക്ക് 70:15:15 എന്ന അനുപാതത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**